# 5

# ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെടുന്നവർ

> “നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ” (എഫെസ്യർ 1:4–6).

എല്ലാവരും ഓർമ്മിക്കപ്പെടുവാൻ താല്പര്യപ്പെടുന്നവരാണ്. ഒരു പക്ഷെ അത്തരം ആഗ്രഹം കൊണ്ടായിരിക്കാം, നമ്മുടെ ചില നാടൻ പ്രയോഗങ്ങൾ കടന്നു വരുവാനിടയായത്. നമ്മുടെ പ്രിയപ്പെട്ടവർക്കു ജന്മദിനാശംസാ കാർഡ് അയക്കുമ്പോൾ അതിൽ, “ഞാൻ നിങ്ങളെക്കുറിച്ചു ചിന്തിക്കുന്നു” എന്നെഴുതും. സ്നേഹിതനോടുള്ള ടെലഫോൺ സംഭാഷണത്തിൽ, നാം, “ഞാൻ നിങ്ങളെ പലപ്പോഴും ഓർമ്മിക്കാറുണ്ട്” എന്നു പറയും. നാം വീട്ടിൽ നിന്നു ദൂരെ യാത്രക്കായി ഗുഡ് – ബൈ പറഞ്ഞു പോകുമ്പോൾ പറയും, “ഞാൻ നിങ്ങളെക്കുറിച്ചു ഓർമ്മിക്കും.” പ്രത്യേകതയുള്ളവരോടു പറയുന്ന മൃദുല പ്രയോഗങ്ങളാണ് അവ. നമ്മോടു പറയുകയോ എഴുതുകയോ ചെയ്യുമ്പോൾ അവ നമ്മെ പ്രോത്സാഹിപ്പിക്കും.

നമ്മുടെ സ്നേഹിതൻമാരും ബന്ധുക്കളും അങ്ങനെ പറയുമ്പോൾ അതു അർത്ഥവത്താണെങ്കിൽ, ദൈവം നമ്മെ പ്രത്യേകതയുള്ളവരാണെന്നു പറയുമ്പോൾ അതെത്രമാത്രം അർത്ഥവത്താണെന്നു ചിന്തിക്കുക! നിങ്ങൾ ക്രിസ്തുവിൽ ആണെങ്കിൽ നിങ്ങളോടു ദൈവം അങ്ങനെ പറയുന്നു. ക്രിസ്ത്യാനികൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെടുന്നവരാണെന്നു പൗലൊസ് എഫെസ്യർ 1:4–6 വരെ പറയുന്നു. ക്രിസ്തുവിൽ വീണ്ടെടുക്കപ്പെട്ട എല്ലാവരെക്കുറിച്ചും ദൈവം തിരഞ്ഞെടുക്കപ്പെട്ടവർ എന്നു തിരുവെഴുത്തു പറയുന്നു! ഇതു നിങ്ങളെ

പ്രോത്സാഹിപ്പിക്കുന്നില്ലേ?

ഭൂമിയിലെ ഏതുമാനത്തേക്കാളും ഉയർന്നതും, വളരെ പ്രധാനപ്പെട്ടതുമായ ഒന്നാണ് ദൈവത്തിന്റെ തിരഞ്ഞെടുപ്പു എന്നു ആത്മാവ് അർത്ഥമാക്കിയതു പൗലോസിന്റെ വാചകത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം. ആസ്യയിലെ എഫെസൊസ് സഭയ്ക്കാണ് പൗലൊസ് എഴുതിയത്. ലേഖനത്തിൽ വിഷയം, "സഭ, ക്രിസ്തുവിന്റെ ശരീരം" എന്നു ചുരുക്കി പറയാം. തന്റെ ലേഖനത്തിന്റെ ആരംഭത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണ് സഭ എന്നു പൗലൊസ് പറയുകയുണ്ടായി. അവർ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണ്; അവന്റെ ദൈവിക അനുഗ്രഹങ്ങൾക്കായി തിരഞ്ഞെടുത്തതാണ്. മുൻ നിർണ്ണയ പ്രകാരം ആ തിരഞ്ഞെടുപ്പു "മുൻ നിയമിച്ച," താണെന്നു പറയുന്നു (എഫെസ്യർ 1:5).

ദൈവം നമ്മെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചു ചില ചോദ്യങ്ങൾ ഉയരാം, ഇല്ലേ? ഒരാളെ ദൈവം രക്ഷിച്ചു സ്വർഗ്ഗത്തിലേക്കും മറ്റൊരാളെ നഷ്ടപ്പെടുത്തി നരകത്തിലേക്കും അയയ്ക്കും എന്നാണോ പൗലൊസ് പറയുന്നത്? ദൈവം ഒരാളെ സ്വർഗ്ഗത്തിലേക്കും മറ്റൊരാളെ നരകത്തിലേക്കും അയക്കുവാൻ മുൻ നിയമിച്ചാൽ ദൈവത്തിന്റെ പ്രത്യേകമായ സ്നേഹത്തെ യോഹന്നാൻ 3:16 പറയുന്നതു, എങ്ങനെ സാധ്യമാകും?

എഫെസ്യർ 1:4-6 വരെയുള്ള ഭാഗത്തു പറയുന്ന ആകർഷണീയമായ വിഷയമായ മുൻനിർണ്ണയം എന്ന വിഷയത്തെക്കുറിച്ചുള്ള നമ്മുടെ ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ പൗലൊസിനെ അനുവദിച്ചു കൊണ്ട്, ആ വേദഭാഗം നമുക്കു ശ്രദ്ധയോടെ നോക്കാം, ദൈവം എങ്ങനെ അവന്റെ തിരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനിച്ചു എന്നു നോക്കാം.

## അവനിൽ തിരഞ്ഞടുത്തു

ദൈവം "*അവനിൽ* നമ്മെ തിരഞ്ഞെടുത്തു ..." (എഫെസ്യർ 1:4; എംഫസിസ് മൈൻ). ദൈവം മനുഷ്യനെ തിരഞ്ഞെടുക്കുന്നതും രക്ഷിച്ചു അനുഗ്രഹങ്ങൾ നല്കുന്നതുമായ സ്ഥലം അവന്റെ പുത്രന്റെ ശരീരമായ സഭയാണ്. ഈ ശരീരത്തിൽ പ്രവേശിക്കുന്നവരെയാണ് ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്.

ബൈബിളിലെ ഏറ്റവും വലിയ വാചകം എന്നു വിശേഷിപ്പിച്ചിരിക്കുന്ന എഫെസ്യർ 1:4-6 ന്റെയും, 1:3-14 ന്റേയും സന്ദർഭത്തിൽ, ദൈവം ക്രിസ്തുവിൽ വെച്ചിരിക്കുന്ന അനുഗ്രഹങ്ങളെ പൗലൊസ് എണ്ണി പറയുന്നുണ്ട്. ദൈവമക്കളെ ദത്തെടുക്കുന്നതും (വാക്യം 5), പാപമോചനവും (വാക്യം 7), വീണ്ടെടുപ്പും (വാക്യം 7), ജ്ഞാനവും, ഉൾക്കാഴ്ച്ചയും (വാക്യം 8), ക്രിസ്തുവിൽ ഗുപ്തമായിരിക്കുന്നു (വാക്യം 10), അവകാശമുണ്ട് (വാക്യം 11), പരിശുദ്ധാത്മാവിനാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു എന്നു പൗലൊസ് പറയുന്നു (വാക്യം 13).

ദൈവം, കാലാരംഭത്തിനു മുൻപു മുൻകഴിഞ്ഞ നിത്യതയിൽ തന്നെ ക്രിസ്തുവിലാകുന്ന തിരഞ്ഞെടുക്കപ്പെടുന്നവർക്കു സൗജന്യ

മായ കൃപയും അനുഗ്രഹങ്ങളും അവന്റെ രക്ഷയും രക്ഷാ പദ്ധതി മുൻപു തന്നെ ദൈവത്താൽ മുൻ നിർണ്ണയിക്കപ്പെട്ടു. അവന്റെ തിര ഞ്ഞെടുപ്പിൽ മുഖപക്ഷമില്ല. ഒരാൾ രക്ഷിക്കപ്പെടേണമെന്നും മറ്റൊരാൾ നഷ്ടപ്പെടേണം എന്നതല്ല ദൈവത്തിന്റെ മുൻനിർണ്ണയം. അവന്റെ ആത്മീയ ശരീരമായ, സഭയിൽ ചേരുവാനുള്ള രക്ഷ സ്വീകരിക്കുന്ന തുവരെ മാത്രം തിരഞ്ഞെടുക്കുകയും ചെയ്യുമെന്നു നിത്യതയിൽ തന്നെ മുൻ നിർണ്ണയിച്ചു.

"മുൻ നിർണ്ണയം" എന്ന വാക്കിനർത്ഥം "മുൻപു ഉറപ്പിക്കുക" എന്നാണ്, എന്നാൽ "മുന്നറിവു" എന്നാൽ, "മുമ്പു കൂട്ടി അറിയുക" എന്നതാണ്. ആരെല്ലാം രക്ഷിക്കപ്പെടും ആരെല്ലാം നഷ്ടപ്പെടുമെന്നു ദൈവത്തിനു അറിയാമായിരിക്കും, എന്നാൽ അവൻ അവരുടെ വ്യക്തി പരമായ രക്ഷയും വ്യക്തിപരമായ ശിക്ഷയും മുൻ നിശ്ചയിച്ചിട്ടില്ല. ഓരോ വ്യക്തിയും തിരഞ്ഞെടുക്കുന്നതാണ് അവരുടെ രക്ഷയും നാശവും, ക്രിസ്തുവിലാകേണ്ടതു രക്ഷിക്കപ്പെടുവാനായി അത്യാവ ശ്യമാണ്.

മുന്നറിവും, മുൻനിർണ്ണയവും എന്നീ രണ്ടു വിഷയങ്ങളും പൂർണ്ണ മായി മനസ്സിലാക്കുവാൻ വളരെ ആഴമേറിയതാണ്. ഒരു പരിധി വരെ, അവയെക്കുറിച്ചു ബൈബിൾ പറയുന്നതു വിശ്വസിക്കണം. മുൻനിർണ്ണ യിക്കാതെ തന്നെ ദൈവത്തിനു എല്ലാം അറിയുവാൻ കഴിയുമെന്നു ബൈബിൾ സൂചിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ മുന്നറിവു ഏതാണ്ടു നമ്മുടെ ഓർമ്മ പോലെയാണ്. ഇന്നലെ സംഭവിച്ചതു നമുക്കു ഓർമ്മി ക്കുവാൻ കഴിയും, എന്നാൽ നമ്മുടെ ഇന്നലത്തെ ഓർമ്മയല്ല അതു സംഭവിക്കുമാറാക്കിയത് നമ്മുടെ ഓർമ്മ കാല ദൈർഘ്യത്തിൽ പുറ കോട്ടെന്ന പോലെ, ദൈവത്തിന്റെ മുന്നറിവു കാലദൈർഘ്യത്തിൽ ഒരു പക്ഷെ പുറകോട്ടാണ് പോകുന്നത്. നമ്മുടെ ഭൂതകാലത്തെ നാം ഓർമ്മ യിലൂടെ കാണുന്നതുപോലെ ദൈവം ഭാവിയെ മുന്നറിവിനാൽ കാണു ന്നു. അവന്റെ സർവ്വജ്ഞാനത്തിൽ, അവൻ ഭാവിയെ കാണുന്നു; അവന്റെ ആ കാഴ്ച്ച കൊണ്ടല്ല അങ്ങനെ സംഭവിക്കുന്നത്.

ബൈബിളിലെ പുതിയ നിയമത്തിൽ സ്വതന്ത്രമായ തിരഞ്ഞെടുപ്പി നെയും മുൻനിർണ്ണയത്തെയും പറഞ്ഞിരിക്കുന്ന വാക്യമാണ് പ്രവൃ ത്തികൾ 2:23. അവ രണ്ടും ഒരേ വാചകത്തിൽ കാണുന്നുവെങ്കിലും പരസ്പര വിരുദ്ധമല്ല. പത്രൊസ് പറഞ്ഞു, "നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു" (പ്രവൃ ത്തികൾ 2:23). യേശുവിന്റെ മരണം ദൈവം മുന്നറിഞ്ഞിരുന്നു; അവൻ അതു മുൻ നിശ്ചയിച്ചു, അല്ലെങ്കിൽ മുൻ നിർണ്ണയിച്ചിരുന്നു. പക്ഷെ, അഭക്തരായ ആളുകളുടെ പ്രവൃത്തികൾക്കുള്ള ഉത്തരവാദിത്വം അവൻ ഏറ്റെടുക്കുകയായിരുന്നു. ദൈവത്തിന്റെ മുന്നറിവും മുൻനിർണ്ണയവും മനുഷ്യന്റെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യവും ഒരൊറ്റ വാക്യത്തിൽ പറയുന്നുവെങ്കിലും, അതു ഒന്നു മറ്റൊന്നിനെ പുറത്താക്കുകയില്ല.

ഈ ലോകത്തിനു അടിസ്ഥാനം ഇടുന്നതിനു മുൻപു തന്നെ

ക്രിസ്തുവിലുള്ള നമ്മുടെ രക്ഷയെ ദൈവം മുൻ നിർണ്ണയിച്ചു, എന്നാൽ രക്ഷിക്കപ്പെടുവാനും ക്രിസ്തുവിന്റെ ശരീരത്തോടു ചേരുവാനും നാമാണ് തിരഞ്ഞെടുക്കേണ്ടത്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നതു തിരഞ്ഞെടുക്കാൻ ആർക്കും അവസരമുണ്ട്. ആരോ പറഞ്ഞു, "ആരെ - ല്ലാം തിരഞ്ഞെടുക്കപ്പെടേണമെന്നു വിചാരിക്കുന്നുവോ അവരെ തിരഞ്ഞെടുക്കുകയും ആരെ - ല്ലാം തിരഞ്ഞെടുക്കപ്പെടേണ്ട എന്നു വിചാരിക്കുന്നുവോ അവരെ - തിരഞ്ഞെടുക്കാതിരിക്കയും ചെയ്യും."

നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ ആണോ? നിങ്ങളെ ദൈവം തിരഞ്ഞെടുത്തു എന്നു നിങ്ങൾക്ക് എങ്ങനെ അറിയാം? പൗലൊസ് പറയുന്നതനുസരിച്ചു ഉത്തരം നിസാരമാണ്: നിങ്ങൾ അവനിൽ ആണോ? ക്രിസ്തുവിലായിത്തീർന്നവരെ ദൈവം തിരഞ്ഞെടുക്കുന്നതു കൊണ്ടു അവർക്കു സന്തോഷിക്കാം. ക്രിസ്തുവിൽ നാം അനുഗ്രഹിക്കപ്പെട്ട സ്ഥലത്താണ്, കാരണം അവരെയാണ് സമയമില്ലാത്ത നിത്യതയിൽ ദൈവം മുൻനിർണ്ണയിച്ചു തിരഞ്ഞെടുത്തത്. ഭൂമിയിലെ നമ്മുടെ ജീവിത കാലയളവിൽ നാം ക്രിസ്തുവിൽ വിശ്വസ്തരായി ജീവിച്ചാൽ, നമ്മുടെ നിത്യാവകാശം സ്വർഗ്ഗമായിരിക്കും.

### നിത്യതയിൽ നിന്നു തിരഞ്ഞെടുത്തു

രണ്ടാമതു, പൗലൊസ് പറഞ്ഞതു, തിരഞ്ഞെടുക്കപ്പെട്ടവരായ സഭയെ, തിരഞ്ഞെടുത്തതു ലോകസ്ഥാപനത്തിനു മുമ്പെ നിത്യത മുതലാണ്. അവന്റെ വാക്കുകൾ, "... അവൻ *ലോകസ്ഥാപനത്തിനു മുമ്പെ* നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും ..." (എഫെസ്യർ 1:4; എംഫസിസ് മൈൻ).

അടിസ്ഥാനപരമായ ഗ്രീക്കു വാക്കാണ് പൗലോസ് "സ്ഥാപനം" എന്ന തർജിമചെയ്യപ്പെട്ട വാക്കിനു എൻ എ എസ് ബിയിൽ ഉപയോഗിച്ചത്. അതു വാസ്തവത്തിൽ അർത്ഥമാക്കുന്നത് "ആരംഭത്തിന്റെ ആരംഭം തുടങ്ങുന്നതിനു മുൻപു" എന്നാണ്. ലോകം നിർമ്മിക്കുന്നതിനു മുൻപു, നമ്മെ സൃഷ്ടിക്കുന്നതിനു മുൻപു, നാം പാപം ചെയ്യുന്നതിനു മുൻപു, ആരംഭമില്ലാതിരുന്ന നിത്യതയിൽ, ദൈവം നമ്മെ പ്രത്യേക ജനമായി തിരഞ്ഞെടുക്കുവാൻ വിചാരിച്ചു. തന്റെ പരിശുദ്ധവും പരിമിതിയില്ലാത്തതുമായ മനസ്സിൽ, നമ്മെ യേശുവിൽ കേന്ദ്രീകൃതമായ രക്ഷയിലൂടെ ക്രിസ്തുവിന്റെ ആത്മീയ ശരീരമായ സഭയിലേക്കു പ്രവേശിക്കുവാൻ ഒരു തിരഞ്ഞെടുപ്പു പദ്ധതി തയ്യാറാക്കി. ഈ അർത്ഥത്തിലാണ് യേശുവിനെ ലോക സ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടു എന്നു വിശേഷിപ്പിച്ചത് (വെളിപ്പാട് 13:8; 1 പത്രൊസ് 1:19, 20).

ദൈവം യിരെമ്യാവിനോടു പറഞ്ഞു, "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന്നു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭ പാത്രത്തിൽ നിന്നു പുറത്തുവന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, രാജ്യങ്ങൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു" (യിരെമ്യാവ് 1:5). എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്നു എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (ഗലാത്യർ 1:15). യിരെ

മ്യാവിന്റെയും പൗലൊസിന്റെയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തെ ദൈവം എടുത്തു കളഞ്ഞില്ല; എന്നാൽ അവന്റെ മനസ്സിൽ അവർ ജനിക്കുന്നതിനു മുമ്പെ അവർ ഉണ്ടായിരുന്നു. തന്റെ സൃഷ്ടിയുടെ തിരഞ്ഞെടുപ്പു സ്വാതന്ത്ര്യത്തിൽ കൈകടത്താതെ, ദൈവത്തിനു പദ്ധതി തയ്യാറാക്കുവാനും, മുൻ നിർണ്ണയിക്കുവാൻ പോലും കഴിയും. നമുക്ക് അതു *മനസ്സിലായെന്നു* വരികയില്ല, എന്നാൽ നമുക്ക് *അതിൽ നില്ക്കുവാൻ* കഴിയും കാരണം ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നതുകൊണ്ടാണ്.

ദൈവത്തിനു സഭ എത്രമാത്രം പ്രാധാന്യമുണ്ടെന്നറിയുവാൻ, സഭയെ ലോകസ്ഥാപനത്തിനു മുമ്പെ ആളുകളായി തിരഞ്ഞെടുത്തു എന്നതു പരിഗണിക്കണം. എന്തെങ്കിലും സൃഷ്ടിക്കുന്നതിനുമുൻപു തന്നെ ദൈവം ഈ തിരഞ്ഞെടുപ്പു നടത്തി. നാം ആരോടെങ്കിലും നമ്മുടെ മുൻഗണനകളെക്കുറിച്ചു "അതു സംഭവിച്ചപ്പോൾ, ആദ്യം ഞാൻ വിചാരിച്ചത് ..." എന്നു പറയാറുണ്ട്: ആ നിമിഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു നാം ഇങ്ങനെയാണ് വെളിപ്പെടുത്താറ്. ദൈവവചനം ശരിയായി പരിശോധിച്ചാൽ ദൈവ മനസ്സിലും ആദ്യം വന്നതു പ്രാധാന്യമുള്ളതാണെന്നു കാണാം: "ലോകസ്ഥാപനത്തിനു മുമ്പെ അവൻ നമ്മെ അവനിൽ തിരഞ്ഞെടുത്തു." സഭ, ലോകസ്ഥാപനത്തിനു മുൻപു തന്നെ, അവന്റെ തിരഞ്ഞെടുത്ത ജനമായി അവന്റെ മനസിൽ ഉണ്ടായിരുന്നു.

തിരഞ്ഞെടുക്കപ്പെട്ടവർ ദൈവത്തിനു എത്ര പ്രിയപ്പെട്ടവർ! കാലാരംഭത്തിനു മുൻപു തന്നെ അവർ ദൈവ മനസിൽ ഉണ്ടായിരുന്നു. ഈ സത്യം ദൈവിക പ്രോത്സാഹനത്തോടു കൂടി നമ്മെ ഉത്തേജിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### വിശുദ്ധിക്കായി തിരഞ്ഞെടുത്തു

മൂന്നാമതായി, നമ്മെ വിശുദ്ധിക്കായി തിരഞ്ഞെടുത്തു എന്നാണ് പൗലൊസ് പറഞ്ഞത്. അവൻ എഴുതി, "... അവൻ നമ്മെ ലോകസ്ഥാപനത്തിനു മുമ്പെ തിരഞ്ഞെടുത്തതു, *നാം അവന്റെ മുൻപിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനത്രേ*" (എഫെസ്യർ 1:4; എംഫസിസ് മൈൻ). ഒരു ഉദ്ദേശത്തിനു വേണ്ടിയാണ് നമ്മെ തിരഞ്ഞെടുത്തത്.

തന്റെ രൂപത്തെ അല്ലെങ്കിൽ സ്വഭാവത്തെ പ്രതിഫലിപ്പിക്കുവാനും തന്റെ ആളുകൾ ആകുവാനുമാണ് ദൈവം സഭയെ തിരഞ്ഞെടുത്തത്. അവൻ തന്റെ സഭയെ വിശുദ്ധീകരിച്ചിരുന്നു. പത്രൊസ് പറഞ്ഞു, "നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണം ഉള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു എഴുതിയിരിക്കുന്നുവല്ലൊ" (1 പത്രൊസ് 1:15, 16). വിശുദ്ധി എന്നാൽ പാപത്തിൽ നിന്നു ശുദ്ധമാക്കയും ദൈവത്തിന്റെ വിശുദ്ധമായ ഉപയോഗത്തിനു മാറ്റി നിർത്തുകയുമാണ്.

കുറ്റമില്ലാത്തവരാകേണ്ടതിനു കൂടെയാണ് ദൈവം തന്റെ ജനത്തെ

തിരഞ്ഞെടുക്കുന്നത്. ആ വാക്കിന്റെ അർത്ഥം "തെറ്റുകൂടാതെ" അഥവാ "തെറ്റില്ലാതെ" എന്നാണ്. അതു ദൈവ ജനത്തിന്റെ ലക്ഷ്യം സൂചിപ്പിക്കുന്നു. നാം അവന്റെ മുമ്പിൽ കുറ്റമില്ലാത്തവരാകുവാൻ യത്നിക്കണം. പൂർണ്ണമായി ഈ ലക്ഷ്യം കൈവരിക്കുവാൻ ഈ ലോകത്തിൽ നമുക്ക് കഴിയില്ലെങ്കിലും, തുടർച്ചയായ നമ്മുടെ മനോഭാവം അതായിരിക്കണം. വിശുദ്ധിയും, നിഷ്കളങ്കവും ആകുവാനുള്ള നമ്മുടെ പരിശ്രമഫലം അവസാനം അവന്റെ സിംഹാസനത്തിനു മുമ്പിൽ നില്ക്കുമ്പോഴേ തിരിച്ചറിയുകയുള്ളു. കർത്താവിന്റെ പ്രേരകമായ നിർദ്ദേശങ്ങൾ കാരണം അവരെ നിയമപരമായി കുറ്റപ്പെടുത്താൻ സാധ്യമല്ല.

"നാം മക്കൾ ആകേണ്ടതിനു അവൻ നമ്മെ ദത്തെടുക്കുവാൻ മുൻനിർണ്ണയിച്ചു" (എഫെസ്യർ 1:5). അവൻ നമ്മെ അവന്റെ മക്കളായി തിരഞ്ഞെടുത്തു. ഈ സന്ദർഭത്തിലെ ദത്തെടുക്കലിന്റെ അർത്ഥം "മക്കളുടെ ഉത്തരവാദിത്വങ്ങളും, നേട്ടങ്ങളും, എല്ലാ അവകാശങ്ങളും ലഭിക്കുക" എന്നാണ്. നമ്മെ ദത്തെടുക്കുന്ന അവസരത്തിൽ തന്നെ ദൈവഭവനത്തിൽ അന്തർലീനമായിരിക്കുന്ന എല്ലാം ലഭിക്കും. യേശുവിലേക്കു - പ്രവേശിക്കുന്നവർക്കു, ദത്തെടുത്തു മക്കളാകുന്നതോടെ, എല്ലാ അവകാശങ്ങളും, സമ്പത്തും നല്കുവാൻ - ആരംഭമില്ലാതെ കഴിഞ്ഞ നിത്യതയിൽ, മുൻ നിർണ്ണയിച്ചു, തീരുമാനിച്ചു.

നിങ്ങളെ ഒരു റേഡിയോ സ്റ്റേഷനിലേക്കു വിളിച്ചു "ഞങ്ങൾ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു" എന്നു പറയുന്നു എന്നു വിചാരിക്കുക. ഉടനെ നിങ്ങൾ ചോദിക്കും, "എന്തിനു തിരഞ്ഞെടുത്തു?" വിളിച്ച ആൾ, "ഞങ്ങൾ തിരഞ്ഞെടുത്തു, പക്ഷെ എന്തിനാണെന്നറിയില്ല. നിങ്ങളെ തിരഞ്ഞെടുത്തപ്പോൾ ഞങ്ങൾക്കു ഒരുദ്ദേശവും ഉണ്ടായിരുന്നില്ല. നിങ്ങളെ തിരഞ്ഞെടുത്തു എന്നു മാത്രമെ ഇപ്പോൾ പറയാൻ കഴിയു. ആയിരക്കണക്കിനുള്ള പേരുകളിൽ നിന്നു തിരഞ്ഞെടുത്തപ്പോൾ ഒരു പേരാണ് കിട്ടിയത്, അതു നിങ്ങളുടേതാണ്. അതുകൊണ്ടു നിങ്ങളെ വിളിച്ചു അഭിനന്ദിക്കാമെന്നു വിചാരിച്ചു" എന്നു പറയുന്നു എന്നു കരുതുക. "നിങ്ങളെ തിരഞ്ഞെടുത്തതെന്തിനാണെന്ന് അറിഞ്ഞു കൂടാ" എന്നു പറയുമ്പോൾ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ആവേശം കെട്ടടങ്ങും. നിങ്ങളെ തിരഞ്ഞെടുത്തതായി നിങ്ങൾക്കു തോന്നുകയില്ല. അതിന്റെ അർത്ഥത്തിലെ തെറ്റിദ്ധാരണ തിരഞ്ഞെടുപ്പിലെ ആവേശം കെട്ടടങ്ങുന്നതാണ്.

തിരഞ്ഞെടുപ്പിന്റെ പിന്നിൽ ദൈവത്തിനു ഒരു ഉദ്ദേശമുണ്ട്. ക്രിസ്തുവിലുള്ള അവന്റെ രക്ഷ സ്വീകരിപ്പാനാണ് അവൻ നമ്മെ തിരഞ്ഞെടുക്കുന്നത്, കൂടാതെ ദത്തെടുത്തു മക്കളാക്കി, ഈ ലോകത്തിൽ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും ആയി ജീവിക്കേണ്ടതിനും ആണ്. വിളിച്ചവന്റെ വിശുദ്ധീകരിക്കപ്പെട്ട ജനമായി ജീവിക്കേണ്ടതിന്നു നമ്മെ തിരഞ്ഞെടുക്കുന്നതാണ് ദൈവിക ദൗത്യം.

ദൈവ വചനത്തോടു സ്ഥിരമായ സമർപ്പണം നിലനിർത്തിയാൽ മാത്രമേ വിശുദ്ധിയും നിഷ്കളങ്കതയും കൈവരിക്കാനാകൂ. ദൈവേഷ്ടം അനുസരിച്ചുകൊണ്ടു വിശുദ്ധ ജീവിതം നയിക്കുവാനും, അങ്ങനെ അവന്റെ ഇഷ്ടത്തിൽ തന്നെ ജീവിക്കുകയും ചെയ്യുമ്പോൾ

നാം അവന്റെ മുമ്പിൽ വിശുദ്ധരും കുറ്റമില്ലാത്തവരും ആകും. നമ്മുടെ സഹോദരൻ പത്രൊസിന്റെ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കാം:

> അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറി പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊസ് 1:10, 11).

### കൃപയാലുള്ള തിരഞ്ഞെടുപ്പു

നാലാമതു, നമ്മെ തിരഞ്ഞെടുക്കുന്നതു കൃപയാലാണ്. ദൈവം നമ്മെ തിരഞ്ഞെടുക്കുന്നതു "*തിരുഹിതത്തിന്റെ പ്രസാദപ്രകാരം* നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുകയും ചെയ്തുവല്ലൊ" (എഫെസ്യർ 1:5, 6; എംഫസിസ് മൈൻ). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ തിരഞ്ഞെടുപ്പു ആരംഭിച്ചതും നടപ്പിലാക്കിയതും ദൈവത്തിന്റെ ദയയാലും നന്മയാലുമാണ്.

"തിരുഹിതത്തിന്റെ പ്രസാദം" എന്താണ്? ദൈഹിതം എന്നു പറയുന്നത് അവന്റെ കല്പനകളും വിധിയും ചട്ടങ്ങളുമാണ്. അവന്റെ ഹിതം മുഴുവൻ, അതിന്റെ എല്ലാ ഭാഗവും, വിഷയങ്ങളും അടിസ്ഥാനലക്ഷ്യവും, കരുണാധിക്യ പ്രകാരമുള്ള രൂപവുമുള്ളതാണ്. എന്താണ് ആ അടിസ്ഥാന ഉദ്ദേശം? അതു പാപത്തിൽ നിന്നുള്ള രക്ഷയും അവനോടു കൂടെയുള്ള ജീവിതവുമല്ലേ? മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവൻ നമ്മുടെ ഏറ്റവും നന്മയാണ് ആഗ്രഹിക്കുന്നത്. നമ്മുടെ വാസ്തവത്തിലുള്ള - ക്ഷേമത്തിനു, അവന്റെ ധർമ്മോപകാരത്താലാണ്, ദൈവം നമുക്കു വേണ്ടി ചെയ്തതെല്ലാം. പത്രൊസ് പറഞ്ഞു, "കർത്താവു ... ആരും നശിച്ചു പോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ ഇഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (2 പത്രൊസ് 3:9). പൗലൊസ് എഴുതി, "അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. അവൻ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇഛിക്കുന്നു" (1 തിമൊഥെയൊസ് 2:3, 4).

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട, "സഭയുടെ ദൈവജനമായ നിലനില്പ്, അവന്റെ പ്രിയരായ നമ്മിൽ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടത്രേ സൗജന്യമായി രക്ഷിച്ചത്" (എഫെസ്യർ 1:6). ദൈവം സഭയ്ക്കുപദ്ധതി തയ്യാറാക്കി, സഭ വരുന്നതായി പ്രവചിച്ചു, സഭയുടെ അടിസ്ഥാനം ഇടുവാൻ യേശുവിനെ അയച്ചു, അവൻ ക്രൂശിൽ മരിച്ചു സഭയെ വിലെക്കു വാങ്ങി. അത്ഭുതകരമായി പെന്തെക്കൊസ്തു നാളിൽ സഭ ആരംഭിക്കുകയും ചെയ്തു. അതു അവന്റെ കരുണാധിക്യപ്രകാരം സുവിശേഷ പ്രസംഗത്താലായിരുന്നു - എന്നാൽ ഇതെല്ലാം നിറവേറ്റിയതു ലോകത്തെ രക്ഷിക്കുവാനുള്ള അവന്റെ മനസ്സലിവാ

യിരുന്നു. ഈ ദൈവിക പ്രവൃത്തിയുടെ ഫലമായി, അവന്റെ കൃപാമഹത്വത്താൽ, സഭ ഉണ്ടാവുകയും ചെയ്തു. ഒന്നുമില്ലായ്മയിൽ നിന്നു ലോകത്തു വ്യാപകമായ സംഘടന എന്ന രീതിയിൽ പ്രശംസിക്കുവാൻ സഭയ്ക്കാവുകയില്ല. മറിച്ചു ദൈവത്തിന്റെ കൃപാ കടാക്ഷത്തിൽ, അവന്റെ പ്രവൃത്തിയിൽ ദൈവത്തിനു മഹത്വം കൊടുക്കുകയേ മാർഗ്ഗമുള്ളു. അവന്റെ കൃപയാണ് നമ്മുടെ മഹത്വം.

തുടർച്ചയായി നിങ്ങളുടെ ഏറ്റവും നല്ല താല്പര്യത്തെ അന്വേഷിച്ചിട്ടുളള ഏതെങ്കിലും ഒരാളെ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? "എനിക്കു ആദ്യം" എന്നതിനു പകരം "നിനക്ക് ആദ്യം" എന്നു മനോഭാവമുളള ആരെയെങ്കിലും നിങ്ങൾക്ക് അറിയാമോ? എല്ലാ കാര്യത്തിലും നിങ്ങളെ ഇഷ്ടപ്പെട്ടതായ ഒരാൾ ഉണ്ടായിട്ടുണ്ടോ? ഏറ്റവും മികച്ച നിസ്വാർത്ഥമതിയും ഉദാരമതിയുമായ ഒരാളെ നിങ്ങൾക്കറിവുണ്ടെങ്കിൽ, അയാളുടെ രൂപത്തെ ഒരു ദശലക്ഷം പ്രാവശ്യം കൊണ്ടു ഗുണിച്ചാൽ, ദൈവം എന്തായിരിക്കും എന്ന ചിത്രത്തിന്റെ ആരംഭം മാത്രമേ ലഭ്യമാകയുള്ളു. അവൻ ചെയ്യുന്നതെല്ലാം തന്റെ ദയാധിക്യത്താലാണ് ചെയ്യുന്നത്.

ക്രിസ്തുവിൽ നമുക്കുളള രക്ഷക്കും, അവൻ നമുക്കു തന്ന ദൗത്യത്തിനും, അന്തമില്ലാത്ത ഭാവി നിത്യതയ്ക്കായി അവനിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായതുകൊണ്ടു അവന്റെ കൃപയ്ക്കു നാം നന്ദിയുള്ളവരാകണം. ദൈവത്തിന്റെ നിസ്തുലമായ കൃപ എന്ന വിഷയത്തെ ഓരോ ക്രിസ്ത്യാനിയുടേയും ഹൃദയത്തിൽ പാടിക്കൊണ്ടിരിക്കണം. പരമവും സമൃദ്ധവും ആയ ദൈവ കൃപ നമ്മിൽ നന്ദിയും സ്തുതിയും, വിശ്വാസവും, അനുസരണവും പുറപ്പെടുവിക്കും.

**ഉപസംഹാരം**

പരിശുദ്ധാത്മാവു മുഖാന്തരം സഭ വാസ്തവത്തിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന്, പൗലൊസ് എഴുതിയിരിക്കുന്നു. തന്റെ കൃപയാൽ, നിത്യത മുതൽ, ദൈവം നമ്മെ അവനിൽ തിരഞ്ഞെടുത്തതു വിശുദ്ധിക്കായിട്ടാണ്. അവന്റെ കണ്ണിലെ ആപ്പിളാണ് നാം. അവൻ ലോകത്തെ സൃഷ്ടിക്കുവാൻ പദ്ധതിയിട്ടപ്പോൾ, അവന്റെ ആദ്യ ചിന്ത നാം ആയിരുന്നു, ഇപ്പോഴും നാമാണ് അവന്റെ മുഖ്യ ചിന്ത.

ക്രിസ്തുവിനു പുറത്തുളളവർ തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ പെടാത്തവർ, അവരെ ശരീരത്തിൽ പ്രവേശിക്കുവാൻ താമസിക്കരുത്. ഞാൻ ഹൈസ്ക്കൂളിൽ പഠിച്ചപ്പോൾ, സ്ക്കൂളിന്റെ ഈയർബുക്കിൽ "ആരെല്ലാം ആരാണ്" എന്നതിൽ പ്രത്യേകതയുളളവരെ തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുമായിരുന്നു. വളരെ കുറച്ചു പേരെ മാത്രമാണ് തിരഞ്ഞെടുക്കുന്നത്, അതു വിദ്യാർത്ഥികൾക്കിടയിലെ മതിപ്പു, ഉയർന്ന താലന്തുകൾ, മികവുറ്റ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ദൈവത്തിന്റെ "ആരെല്ലാം ആരാണ്" എന്നതു സഭയാണ്. "ആരെല്ലാം ആരായിരിക്കണം" എന്ന തിരഞ്ഞെടുപ്പു ഓരോരുത്തരുമാണ് നടത്തുന്നത്, അതു ദൈവമല്ല. നമ്മുടെ മതിപ്പോ, താലന്തുകളോ, രേഖകളോ നോക്കിയല്ല ദൈവം നമ്മെ തിരഞ്ഞെടുക്കുന്നതു, പിന്നെ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസവും അനുസരണവും

നിമിത്തമാണ്. അവന്റെ സ്നേഹത്താലും കൃപയാലും, യേശുക്രിസ്തുവിൽ നാം അവന്നു പ്രിയരാകുവാൻ, ദൈവം തിരഞ്ഞെടുക്കപ്പെടാത്ത – എല്ലാവരേയും ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുവാനും, സമൃദ്ധമായ ജീവനും സ്വർഗ്ഗത്തിൽ നിത്യജീവനും ലഭ്യമാക്കുവാൻ ക്ഷണിക്കുകയാണ്.

തിരഞ്ഞെടുക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ആകുവാൻ, അവരിൽ ഒന്നാകുന്നതു തിരഞ്ഞെടുക്കുക. ദൈവത്തിന്റെ മുൻനിർണ്ണയിക്കപ്പെട്ട മക്കളിൽ ഒരാളാകുവാൻ തീരുമാനിക്കുക.

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. ക്രിസ്തുവിന്റെ ശരീരത്തിലെ എല്ലാ അംഗങ്ങളും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നു നിങ്ങൾ പറയുമോ?
2. എഫെസ്യർ 1:4–6 വരെ പൗലൊസ് പറയുന്നതനുസരിച്ചു എന്ത് ആത്മിയ അനുഗ്രഹങ്ങൾ ആണ് ക്രിസ്തുവിൽ കാണപ്പെടുന്നത്.
3. ഒരു കൂട്ടത്തെ മുൻനിർണ്ണയിക്കുന്നതും ഒരു വ്യക്തിയെ മുൻനിർണ്ണയിക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?
4. "മുൻ നിർണ്ണയം" എന്ന വാക്കിന്റെ അർത്ഥം എന്താണ്?
5. "മുന്നറിവു" എന്നതിന്റേയും "മുൻനിർണ്ണയം" എന്നതിന്റേയും അർത്ഥത്തിലുള്ള വ്യത്യാസം എന്ത്?
6. നാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നു നമുക്ക് എങ്ങനെ അറിയാം?
7. ദൈവം എപ്പോൾ ആണ് നമ്മെ അവനിൽ തിരഞ്ഞെടുക്കുന്നത്?
8. നമ്മെ തിരഞ്ഞെടുക്കാൻ ദൈവം എന്താണ് തിരഞ്ഞെടുക്കുന്നത്?
9. "വിശുദ്ധി" എന്ന വാക്ക് നിർവചിക്കുക.
10. "കൃപയാൽ തിരഞ്ഞെടുത്തു" എന്ന പദപ്രയോഗത്തിന്റെ അർത്ഥം എന്ത്?
11. "ദൈവത്താൽ തിരഞ്ഞെടുത്തു" എന്ന പദപ്രയോഗം നിങ്ങളെ എങ്ങനെ പ്രചോദിപ്പിക്കുന്നു.
12. നാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെടുന്നവർ ആകുന്നതെങ്ങനെ?

© 2009 Truth for Today